


കഅബ: ഷരീഫ



# മുസൽമാൻ

വില 1ക.

8277
050 M
MUS

# —വിഷയവിവരം—


| | |
|---|---|
| മുഖചിത്രം | — കഅബ:ശരീഫ് |
| പ്രസ്താവന | |
| ഈദ് സന്ദേശം | — കൊച്ചിൻ സ്റ്റേയിററ് മുസ്‌ലിം ലീഗ് പ്രസിഡണ്ട് |
| ഈശ്വരവിശ്വാസം | — എ. കെ. അലി മുഹമ്മത് |
| ഹജ്ജ് | — എ. മുഹമ്മത് ഇബ്രാഹിം |
| മനുഷ്യജന്മം | — ബി. വി. ഹസ്സൻകോയ |
| ആതുരരക്ഷാകേന്ദ്രം | — ഡാക്ടർ. വി. ബി. മുഹമ്മത് |
| തെററാരുടേതു? (ചെറുകഥ) | — മിസിസ്സ് മാലിക്ക് മുഹമ്മത് |
| എല്ലിൻെറ ചൊല്ലുകൾ (കവിത) | — സി. ജനാർദ്ദനമേനോൻ |
| കലാവിമർശനം കാലഘട്ടങ്ങളിലൂടെ | — പി. എ. സെയ്ത് മുഹമ്മത് |
| ജനകീയം! ജനകീയം! | — പുത്തേഴത്ത് രാമമേനോൻ |
| ഹിന്ദിസാഹിത്യത്തിലെ ചിന്താസരണികൾ | — സി.വി ജോസഫ് |
| സാംസ്കാരികാടിമത്തം | — സി. ആർ. കുഞ്ഞുണ്ണി |
| വിശപ്പിൻെറ വിളി (കവിത) | — പി. എൽ. ഇടപ്പള്ളി |
| കലയുമായുള്ള നമ്മുടെ ബന്ധം | — പി. പി ഇസ്മയിൽ |
| അല്ലാഹുവിൻെറ ഭവനം | — വി. അബ്ദുൽഖയ്യും |
| അധഃപതനത്തിൻെറ ആധാരം | — ഒ. ആബു |
| ജീവനുള്ള നിശ്വാസങ്ങൾ | — കെ. എ. ജബ്ബാർ |
| ഇന്ത്യയിലെ ആദ്യത്തെ മുസ്‌ലിം പള്ളി | — എ. എം. |
| ഇഖ്ബാലിൻെറ ആഹ്വാനം | — വി. വി. കെ. വാലത്ത് |
| ദിവ്യപുഷ്പം (കവിത) | — ജി. ശങ്കരക്കുറുപ്പ് |
| യാതനതന്നെ (ചെറുകഥ) | — പി. എസ്സ്. ദാമോദരൻ |
| ഇന്ത്യയിലെ വിഷമുള്ള പാമ്പുകൾ | — കെ. രാമൻമേനോൻ |
| ആ കൊടുങ്കാററ് | — കെ. |
| താജ്മഹാൾ | — കെ. അബ്ദുറഹമാൻ |
| എം. എ. ജിന്ന | — പി. എ. നൈനാക്കുട്ടി |
| യാറങ്ങൾ | — സി. എ. മുഹമ്മത് മൌലവി |
| ഹിജ്റാബ്ദം | — എം. ബാലകൃഷ്ണപിള്ള |
| മലബാർ ഇസ്‌ലാം പത്രാധിപർ | — സി. |

ചെറുകഥ.

# തെററാരുടേത്?

## മിസ്സിസ്സ് മാലിക്ക് മുഹമ്മദ്

ഷാഹുൽ ഹമീദ് മലയാളം സ്കൂളിന്റെ പടിവാതലെ കണ്ടിട്ടുള്ളെങ്കിലും സ്വപരിശ്രമത്താൽ ചില ഇംഗ്ലീഷ് വാക്കുകളും, ഹിന്ദി പാട്ടുകളും ഒക്കെ പഠിച്ചിട്ടുണ്ട്. ഒരുമ്മയ്ക്കൊരു മകൻ. ഇരുപതു വയസ്സുവരെയും അവൻ യാതൊരു ജോലിയും ചെയ്യാതെയാണ് വളർന്നത്. അഥവാ അവന്റെ ഉമ്മാ അവനെകൊണ്ട് ചെയ്യിച്ചിരുന്നില്ല. മകനു കുളിക്കാൻ വെള്ളംകോരികൊടുക്കുക, വസ്ത്രം നനച്ചുകൊടുക്കുക, തലയിൽ എണ്ണ പുരട്ടുക, മുടിചീകുക തുടങ്ങിയ ജോലികൾ പോലും അവരാണ് ചെയ്യുക; എന്നാലെ അവർക്കു തൃപ്തിയാകൂ. ഭർത്താവിന്റെ ശകാരമോ അയൽപക്കക്കാരുടെ പരിഹാസമോ ഒന്നുംതന്നെ ഇക്കാര്യത്തിൽ അവർ വകവെച്ചിരുന്നില്ല. "എനിക്കാണിനും പെണ്ണിനുംകൂടെ അവനൊരുത്തനെയുള്ളു. അവനൊരു പെണ്ണിനെ കൊണ്ടുവരുന്നതുവരെയും ഞാൻതന്നെ ഇതെല്ലാം ചെയ്യും. നാല്പതോ അൻപതോ വയസ്സായാലും അവനെനിക്കു കുഞ്ഞുതന്നെ." ഇതാണ് പാത്തുതാത്തായുടെ മറുപടി. "ചെറുക്കൻ തടിപോലെ വളർന്നു. ഇന്നും അവൻ കുഞ്ഞാണും പറഞ്ഞു നീ ഉരുള ഊട്ട്. ഞാനിന്നുരുണ്ടുവീണു മരിച്ചാൽ ഈ കുഴിമടിയനെ നീ മണ്ണുവാരി തീററുമോ?" കാസിംപിള്ളയുടെ ദേഷ്യം സഹിക്കാതാകുമ്പോൾ ചോദിക്കുന്നതാണ്.

"പിരാകിപിരാകി ഇതിനെയും കൊന്നുതിന്നിൻ. മൂന്നെണ്ണത്തിനെ വായിലിട്ടതുപോരായോ?" പാത്തുമ്മായുടെ വാഗ്ശരം കുറിക്കുകൊള്ളും. കാസിംപിള്ളയുടെ വായടയും.

അയാളുടെ ആശങ്ക ഫലിച്ചു. ഒരു ദിവസം പെട്ടെന്ന് ഒരിളക്കവും ശർദ്ദിയും ഉണ്ടായി. കാസിംപിള്ളയുടെ കഥയും അവസാനിച്ചു. സ്വത്തെന്നു പറയാനൊന്നുമില്ല. അയാളുടെ മിടുക്കുകൊണ്ട് മുട്ടില്ലാതെ നിത്യവൃത്തികഴിഞ്ഞുവന്നു എന്നുമാത്രം. പാത്തുമ്മായുടെ കണ്ണുതുറന്നു. സഹായിക്കാൻ പ്രാപ്തിയുള്ള ബന്ധുക്കളാരുമില്ല. മകനാണെങ്കിൽ യാതൊരു ജോലിയുമറിഞ്ഞുകൂടാ. ഒന്നിനും കൊള്ളുകയുമില്ല. പക്ഷേ, അവനു മോടിയായി വസ്ത്രധാരണം ചെയ്യണം, വാച്ചുവേണം, കണ്ണടവേണം. മാസത്തിലൊരു ജോടി ചെരുപ്പുവേണം ഒന്നിടവിട്ടു ദിവസമെങ്കിലും സിനിമ കാണണം. സിഗ്രററും ബീടിയും ഒഴിച്ചുകൂടാ. നാലഞ്ചുനേരത്തെ ആഹാരം ഉണ്ടാകണം. കുട്ടികൂറാ പൗഡർ, രാജാസ്നോ, പിയേഴ്സ് സോപ്പ് ഇതെല്ലാമെ അവൻ കൈകാര്യം ചെയ്യൂ. ഇവയൊക്കെ എങ്ങനെ ഉണ്ടാകും? ഇല്ലെങ്കിൽ അവന്റെ മനസ്സ് നോവില്ലെ? നാലുപേർക്കൊപ്പം അവനും നടക്കണ്ടെ? ഈവിധ ചിന്തകൾ പാത്തുമ്മായെ വിവശയാക്കി.

അല്ലാതെ നിവൃത്തിയെന്ത്? അവർ പലഹാരക്കച്ചവടം ആരംഭിച്ചു. മകൻ തടസ്സം പറഞ്ഞെങ്കിലും മററു വരുമാനമൊന്നുമില്ലാഞ്ഞതിനാൽ അവർ ആ തൊഴിൽതന്നെ സ്വീകരിച്ചു; പക്ഷേ അതിൽനിന്നും എന്തെല്ലാം ആവശ്യങ്ങൾ നടക്കും? വീട്ടിലുണ്ടായിരുന്ന മുണ്ടുമുറി സാധനങ്ങൾ, ഉമ്മായുടെ പണ്ടങ്ങൾ ഇതെല്ലാം വിററ് രണ്ടുമൂന്നുകൊല്ലം ഷാഹുൽ പൊടിയടിച്ചു. എന്നാൽ എല്ലാത്തിനും ഒരു നിർത്തില്ലേ? അവസാനം പലരുടെയും ഉപദേശവും നിർബ്ബന്ധവും കൊണ്ട് അവൻ ജോലിചെയ്യാൻ തീരുമാനിച്ചു. ഒരു ഓയിൽ മില്ലിൽ മുപ്പതുരൂപ ശമ്പളത്തിൽ ഒരു ജോലികിട്ടി.

ചെറുപ്പം മുതൽതന്നെ നാനാജാതിക്കാരായ

സ്നേഹിതന്മാരുമായി ഇടപെട്ട് നടന്നിരുന്നതിനാൽ ഷാഹുലിന്റെ മനസ്സിലും പരിഷ്കാരഭ്രമം വേരുറപ്പിച്ചിരുന്നു. ക്രാപ്പ്, മുണ്ടുടുപ്പ് തുടങ്ങിയവയിൽ മാത്രമല്ല പ്രവൃത്തിയിലും സംഭാഷണത്തിൽപോലും അവൻ അന്യമതസ്ഥരെ അനുകരിച്ചുപോന്നു. അവന്റെ സ്നേഹിതന്മാർ ഭാര്യമാരുമായി സിനിമകാണാനും മററും പോകുന്നതു കാണുമ്പോൾ അവനും വിചാരിക്കുമായിരുന്നു—"ഞാൻ ഒരു പരിഷ്ക്കാരിപെണ്ണിനെമാത്രമേ വിവാഹം ചെയ്യൂ. അവൾ സാരി ഉടുക്കണം. എഴുത്തും വായനയും അറിഞ്ഞിരിക്കണം. ധൈര്യമായി എന്റെകൂടെ സിനിമകാണാനും പാർക്കിലും ഒക്കെ വരണം. എന്റെ തരക്കാർ എന്നെകണ്ട് അസൂയപ്പെടണം" ഇങ്ങനെ പലതും.

പാത്തുമ്മാബീവി മകന് കല്യാണമാലോചിച്ചു തുടങ്ങി. അതെല്ലാം അവൻ ഓരോരോ കുററങ്ങൾ പറഞ്ഞ് തള്ളി. അവസാനം അവർ അവന്റെ ഇംഗിതാനുസരണമുള്ള ഒരു പെണ്ണിനെ കണ്ടുപിടിച്ചു. "എഴുത്തും വായനയും ഓതലുമെല്ലാം അറിയാം. തയ്യലിനാണെങ്കിൽ അവളെകഴിഞ്ഞേ ഉള്ളു. പാട്ടും അറിയുമെന്നാ തോന്നുന്നെ. സാരിയുടുക്കാനുമറിയാമെന്നു തള്ള പറഞ്ഞു. അവരു നല്ല നെലയിലിരുന്നവരാ. പക്ഷേ ഇപ്പോ അല്പമൊരുമുട്ട്. എന്നാലും ആയിരം രൂപായും, അഞ്ചാറുപവന്റെ പൊന്നും തരാമെന്നു പറഞ്ഞു. ഒന്നും തന്നില്ലേലും വേണ്ടില്ല. ആ പെണ്ണിനെ കിട്ടിയാമതി. അത്ര ഐശ്വര്യമുണ്ട്. ഉമ്മയുടെ പ്രസംഗം ഷാഹുലിനെ വശീകരിച്ചു. അങ്ങനെ അവൻ സമ്മതം മൂളി.

കല്യാണംകഴിഞ്ഞു. പുതിയ പെണ്ണ് ഭർത്തൃഗൃഹത്തിലെത്തി. "വണ്ണമില്ല, മുഖലക്ഷണം പോരാ, അവനു ചേരുന്നില്ല, ഓ വല്യതരക്കേടില്ല ഒരുങ്ങി ചമഞ്ഞിരുന്നിട്ടൊരാനചന്തമൊണ്ട്—" ഇങ്ങനെ അയൽപക്കക്കാരികൾ ഓരോ അഭിപ്രായം തട്ടിവിട്ടു.

എന്തായാലും കൊള്ളാം പാത്തുമ്മാബീവി മരുമകളെ തറയിൽവെച്ചില്ല. "മോനെ ലാളിച്ചു വഷളാക്കിയതുപോലെ ആ പെണ്ണിനെയു[m]
കളയല്ലെ" ഒരു മൂത്തുമ്മാ പറഞ്ഞു. അതവർക്കത്ര പിടിച്ചില്ല. ഇരുപത്തഞ്ചു വയസ്സായ മകനും പതിനെട്ടു വയസായ മരുമകളും അവരുടെ ദൃഷ്ടിയിൽ എട്ടും പത്തും വയസ്സുള്ള കുഞ്ഞുങ്ങളാണ്.

വിവാഹമവധി രണ്ടുമാസമായിട്ടും തീർന്നില്ല ഷാഹുലിന്. പാത്തുമ്മാ അപ്പക്കച്ചവടം നിർത്തി. വറപ്പുംപൊരിപ്പും ധൃതിതന്നെ. എന്തിനേറെ. ആറെട്ടു മാസത്തിനകം രൂപ ആയിരവും തീർന്നു. ഷാഹുലോ? മിക്കവാറും ദിവസം ഭാര്യാസമേതം സിനിമയ്ക്കു പോകും. ആദ്യകാലങ്ങളിൽ ലജ്ജാവനമ്രമുഖിയായി, പരിഭ്രമത്തോടെ സിനിമാകൊട്ടകകളിൽ കാൽ വെച്ചിരുന്ന ഹാജർബീവിക്ക് ഇപ്പോൾ തല നിവിർത്തിപിടിച്ച് ഭർത്താവിന്റെ തോളോടുതോൾ ഉരുമ്മി ജനക്കൂട്ടത്തിനിടയിൽകൂടെ വരാനും പോകാനും മടിയില്ല.

വർഷം ഒന്നായി. വരവ് ചെലവിനു തി
ക്കാതായി. പാത്തുമ്മാബീവി പഴയതൊഴിൽ സ്വീകരിച്ചു. സിനിമാകാണാനും സാരിച്ചുറ്റാനും, പൗഡർ വാങ്ങാനുമായി ഹാജറയുടെ പണ്ടങ്ങൾ ഓരോന്നോരോന്നായി ബാങ്കിൽ സ്ഥലംപിടിച്ചു. ഇന്നവൾ ഗർഭിണിയുമാണ്.

"കുഞ്ഞേ, അരികുത്തുന്നുപോകും. ഒന്നു വാതിവെച്ചേരെ. പാത്തുമ്മാബീവി വിളിച്ചുപറഞ്ഞു. "മാമി അവിടെ എന്തുചെയ്യുവാ? ഇന്നലത്തെ സിനിമാ കഥ ഞാൻ ബഷീറകുട്ടിക്കൊന്നു പറഞ്ഞുകൊടുക്കട്ടെ" ഹാജർ മറുപടിപറഞ്ഞു.

"അവൾക്കെപ്പോഴും ഒരു കഥപറച്ചില്. ഞാനാപെണ്ണിനെ ചീത്തയാക്കിയതു്" പാത്തുമ്മാ പിറുപിറുത്തു.

ബഷീറകുട്ടി—ഒരു രസികനാണ്. ഭംഗിയായി പാടും. സുരസമായി സംഭാഷണം ചെയ്യും. ഷാഹുലിന്റെ ഒരകന്നബന്ധുവാണ്. ആദ്യകാലങ്ങളിൽ ഹാജറാ ബഷീറിന്റെ മുൻപിൽ വരികയില്ലായിരുന്നു. തന്റെ ഭാര്യ ഒരു അരസികയാണെന്ന് ബഷീർ ധരി

ക്കുമെന്നു കരുതി വളരെ പ്രയാസപ്പെട്ടാണ് ഷാഹുൽ ബഷീറുമായി ഭാര്യയെ പരിചയപ്പെടുത്തിയതും, സംഭാഷണം ചെയ്യിച്ചതും. ഇന്നവർക്ക് സംഭാഷണം ചെയ്യാൻ ഒരു ലജ്ജയുമില്ല, ഒരു ഒരിക്കലെങ്കിലും രണ്ടു പേരും തമ്മിൽ കാണാതിരിക്കില്ലെന്നുമായിട്ടുണ്ട്.

പാത്തുമ്മാ ബീവിക്ക് കുറച്ചുദിവസമായി എന്തൊ ഒരസുഖം. മകനു തന്നോടുള്ള കൂറു കുറയുന്നതായി അവർക്കുതോന്നിതുടങ്ങി. അതേസമയം ഭാര്യയിൽ അവനു ആസക്തിയും സ്നേഹവും വർദ്ധിക്കുന്നു. നിസ്സാരകാര്യങ്ങൾക്കുപോലും തന്നോടു കലഹിക്കും. എന്തുകുററം ചെയ്താലും ഹാജറയെ ശകാരിക്കപോലുമില്ല. ഇതെല്ലാം അവരെങ്ങനെ സഹിക്കും? തൻെറ വാർദ്ധക്യകാലത്ത് തനിക്കൊരു താങ്ങും തണലുമാകണമെന്നുദ്ദേശിച്ചുകൊണ്ടുവന്നവളെ താൻ പരിചരിക്കണം. ഇതെവിടത്തെ നടപ്പ്! ചെലവാണെങ്കിൽ അതും കൂടുന്നു. ആകപ്പാടെ മരുമകളുടെ മട്ടും ഭാവവും പെരുമാററവും അവർക്കു പിടിക്കാതായി. അവർ മനസ്സിൽ എന്തോ എല്ലാം നിശ്ചയിച്ചു.

ഹാജറയെ പ്രസവത്തിനായി അവളുടെ മാതാപിതാക്കൾ കൂട്ടിക്കൊണ്ടുപോയി. ഷാഹുലിന് അതത്ര തൃപ്തിയായില്ല. പക്ഷെ നാട്ടുനടപ്പും മററും ആചരിക്കേണ്ടതല്ലേ? തന്നയുമല്ല ഇപ്പോൾ ആദ്യകാലങ്ങളിലെപോലെ അവന് ഹാജറിൻെറ നേരെ സ്നേഹവുമില്ല. അവൾക്കു സൗന്ദര്യംപോരെന്നൊരു തോന്നൽ. അതെ, അതവൻെറ മാതാവ് സദാ അവൻെറ കാതിൽ പറയുന്ന രഹസ്യമാണ്. അവൾക്ക് ഭർത്താവിനോടു ബഹുമാനമില്ല. വീട്ടിലെ ജോലികൾ ചെയ്‌വാൻ സമയമോ സന്തോഷമോ ഇല്ല. അന്യസ്ത്രീപുരുഷന്മാരുമായിരുന്ന് വെടിപറയുന്നതിലാണ് രസം. പാത്തുമ്മാ തൻെറ ചില സ്നേഹിതകളെക്കൊണ്ടും ഈ വിധത്തിലുള്ള പരാതികൾ അല്ല, റിമാർക്കുകൾ അവൻെറ കാതിലെത്തിക്കാറുണ്ടു.

“എൻെറമോനെ ഇട്ടവൾ പന്താടുകയാണ്. അവളെ കെട്ടിയന്നുമുതൽ തുടങ്ങിയ കഷ്ടകാലമാണവന്.” പാത്തുമ്മാ പറഞ്ഞു.

“കൊള്ളത്തില്ലന്നേ. ആ കൂട്ടമെ പിഴയാ. ആണുങ്ങളെ വകവെയ്ക്കുന്ന പെണ്ണുങ്ങളല്ല. തലാക്കുചൊല്ലിക്കള” കൂട്ടുകാരി ഒരുത്തിപറഞ്ഞു. “അതുതന്നെയാ ഞാനും പറേണെ. അവടെ പേറുംപെറപ്പും ഒന്നു കഴിയട്ടെ. മണിപോലത്തെ പെങ്കൊച്ചുങ്ങളെ എത്രവേണം. എൻെറ മോന് രണ്ടായിരമോ മൂവായിരമോ തരാനാളുകാണും.”

“എന്തായാലും പാത്തുതാത്താനിങ്ങളതുമാത്രം ചെയ്യരുത്. കഷ്ടമാണെ. ഒരു പാവം പിടിച്ച പെണ്ണ്. അതിനെ നിങ്ങൾ രണ്ടുപേരുംകൂടി തലേകേററിവെച്ച് ചീത്തയാക്കി. ഇപ്പോ കുററംപറഞ്ഞ് ഒഴിച്ചുകളയാനുമാഭാവം. പടച്ചോന് നിരക്കുന്നകാര്യം ചെയ്യിൻ” മൂന്നാമത്തവൾ ഹാജറിനെ പിന്താങ്ങി. ഈ സംഭാഷണവും ശ്രദ്ധിച്ചുകൊണ്ടാണ് മുററത്തുനിന്നും ഷാഹുൽ വരാന്തയിൽ കയറിയതു്. മകൻ വന്നതുകൊണ്ട് പാത്തുമ്മാ ശേഷമൊന്നും പറഞ്ഞില്ല.

“ഉമ്മാ” വിളികേട്ട് പാത്തുമ്മാ നടുങ്ങിപോയി. “ഓ_മോനേ” അവർ വിളികേട്ടു.

“ആരെന്തെല്ലാം പറഞ്ഞാലും ശരി. ഇനി എനിക്കവളെ വേണ്ട.” കോപത്തോടുകൂടി ഷാഹുൽ പറഞ്ഞു. “അതെന്താ കുഞ്ഞേ” ഐശുതാത്താ ചോദിച്ചു.

“അവൾക്കിത് ഒൻപതല്ലേ മാസം? ഇവിടുന്നങ്ങ് പോയപ്പോൾ മുതൽ സിനിമാകാണണം എന്നു പറയുന്നു. ഈയവസരത്തിൽ പൊയ്ക്കൂടാ. പ്രസവം കഴിയട്ടെ എന്നെല്ലാം പറഞ്ഞിട്ട് ആരു വകവെയ്ക്കാനാ? അവസാനം ഞായറാഴ്ച ഞാൻ കൊണ്ടുപോകാമെന്നു പറഞ്ഞു. ഇന്നലെ ആലപ്പുഴക്കു പോകുന്ന അവസരത്തിൽ രണ്ടുമൂന്നു ദിവസത്തെ താമസംകാണുമെന്നു പറഞ്ഞിട്ടാണ് ഞാൻ പോയതു്. ഞാനവിടെ ചെന്നപ്പോൾ അവർ ചരക്ക് അയച്ചിട്ടുണ്ടെന്നറിഞ്ഞു. ഇന്നു കാലത്തെ ഇങ്ങോട്ടുപോന്നു. അഞ്ചുമണിയായി ബോട്ടുജട്ടിയിൽ വന്നപ്പോൾ, ഒന്നുരണ്ടു കൂട്ടുകാരുടെ നിർ

ബ്ബന്ധംകൊണ്ട് സിനിമാകാണാൻ കയറി. ഇൻറർവെലിന് ലൈററിട്ടപ്പോൾ ഞങ്ങളുടെ നേരെ മുമ്പിൽ ഇരിക്കുന്നു അവളും ആ ബഷീറും. അനിയത്തിപ്പെണ്ണുമുണ്ട്. കെട്ടിയോനും കെട്ടിയോളും ഇരുന്ന് സിനിമാകാണുന്നതുപോലെ കസേരയിലിരിക്കുന്നു. എനിക്ക് രണ്ടിനേയും കുത്തികൊല്ലാൻതോന്നി. ഇനി എന്തായാലും എനിക്കവളെവേണ്ട'' ഷാഹുൽ ഗജ്ജിക്കനായിരുന്നു.

''ഞാനന്നേ പറഞ്ഞില്ലേ മോനെ അവളെ നമുക്ക കൊള്ളത്തില്ലെന്ന്'' ഉള്ളിലൊതുങ്ങാത്ത ആനന്ദത്തോടെ പാത്തുമ്മാബീവി മകനെ താങ്ങി. ''എന്തായാലും കൊള്ളാം. എട്ടും പൊട്ടുമറിയാൻ വയ്യാതിരുന്ന ഒരു പെണ്ണിനെ നിങ്ങൾ രണ്ടുപേരുംകൂടിയാ ചീത്തയാക്കിയതു്. നിങ്ങൾക്ക രസിച്ചാലും ഇല്ലെങ്കിലും പറയാനുള്ളതുഞാൻ പറയും. ബഷീറിനെ അവളുമായി പരിചയമാക്കിയതാരാ? തെററാരുടേതാണെന്ന് ആലോചിച്ചുനോക്ക്? കളയുവൊ കളയാതിരിക്കയോ ചെയ്യ്. നിങ്ങടെ പാട്. പടച്ചോനെ മറന്നുകളയരുതെന്നുമാത്രം'' ഹാജറിൻെറ സ്നേഹിത നടന്നുകൊണ്ടു പറഞ്ഞു. ''ഓ അവളൊരു വക്കീല്'' പാത്തുമ്മാ പിറുപിറുത്തു.

---


# ALI'S SOAP WORKS,
AZHICODE,
**CRANGANORE.**

രാജൻ ബാർ, ജമീല, ഡോബി മാക്ക് നീല 303 സാംബിൾ മുതലായ സോപ്പുകൾ വാങ്ങി ഉപയോഗിപ്പിൻ.
അലക്കുന്നതിന്ന് അത്യുത്തമം.

# 125 സൂത്രക്കലെണ്ടർ ഇനാം

കായകല്പചികിത്സയും യൌവ്വനോദ്ധാരണവും-എന്ന ബുക്കും ഇനാം.

എം. ജെ. വൈദ്യർ.
മണലൂർ, C. T. U.